| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| **പതിനാലാം സമ്മേളനം** | | | |
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.267** | | **08/06/2015 ൽ മറുപടിക്ക്** | |
| **എക്സൈസ് വകുപ്പുമന്ത്രിയ്ക്കെതിരെ ഉണ്ടായ അഴിമതി ആരോപണം** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.ജെയിംസ് മാത്യു** | | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | എക്സൈസ് വകുപ്പ്മന്ത്രിയ്ക്കെതിരെ ഉണ്ടായ അഴിമതി ആരോപണം അന്വേഷിച്ച വിജിലൻസ് വിഭാഗത്തിന് നേതൃത്വം നല്കിയത് ആരാണ് ; ആരെല്ലാം അടങ്ങിയതായിരുന്ന അന്വേഷണ വിഭാഗം ; | (എ) | പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള ആരോപണത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഒരു പ്രാഥമിക അന്വേഷണം നടത്തി വരുന്നു. |
| (ബി) | ക്വിക്ക് വെരിഫിക്കേഷന്റെ ഭാഗമായി ആരിൽ നിന്നെല്ലാം തെളിവ് എടുക്കുകയുണ്ടായിട്ടുണ്ട് ; എന്തെല്ലാം രേഖകൾ പിടിച്ചെടുക്കുകയുണ്ടായിട്ടുണ്ട്. | (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള Facts and Circumstances- നെ സംബന്ധിച്ച് ഏതാനും ആൾക്കാരുടെ മൊഴി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം നടക്കുന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല. |
| (സി) | അന്വേഷണ സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ മൊഴിയിലൂടെ ആരെങ്കിലും പരാതി പറയുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ? | (സി) | കേരള എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ ഇപ്പോൾ നടന്നു വരുന്ന വിജിലൻസ് അന്വേഷണം തൃപ്തികരമല്ല എന്നു കാണിച്ച് ശ്രീ.ബിജു രമേശ് വിജിലൻസ് ഡയറക്ടർക്ക് 14/05/2015 ൽ പരാതി സമർപ്പിക്കുകയുണ്ടായി. ടി പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കി അനന്തര നടപടികൾ എടുക്കുവാൻ എറണാകുളം വിജിലൻസ് പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**